പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1980

5.12.2018 ൽ
മറുപടിക്ക്

## കെ.എ.എസ്.ൽ പട്ടികവിഭാഗ സംവരണ വ്യവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കെ.എ.എസ്.സ്കീം രണ്ടിലും, സ്കീം മൂന്നിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകാതിരിക്കുന്നത് ഏത് നിയമം/ ചട്ടപ്രകാരമാണ്; ആയത് വിശദമാക്കാമോ; | എ) കെ.എസ്. & എസ്.എസ്.ആർ. ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമാണ്. എന്നാൽ കെ.എ.എസ് -ൽ Stream II, III എന്നിവയിലേയ്ക്കുള്ള നിയമനങ്ങൾ ബൈ ട്രാൻസ്ഫർ (തസ്തികമാറ്റം) മുഖേനയാണ്. തസ്തികമാറ്റം മുഖേനയുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമല്ല. |
| ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് അവകാശം നൽകുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 16 (4 ) (എ) യ്ക്ക് വിധേയമായി കെ.എസ്.& എസ്.എസ്.ആർ നാളിതുവരെയും ഭേദഗതി ചെയ്യാത്തത് എന്തു കൊണ്ടാണ്; വ്യക്തമാക്കുമോ; | ബി) ഏതൊരു സർവ്വീസിലെയും ഏതൊരു കാറ്റഗറിയിലെയും നിശ്ചിത എണ്ണം തസ്തികകൾ റിസർവ്വ് ചെയ്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നേരിട്ട് നിയമനം നടത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 17 A-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽചട്ടം നിലനിൽക്കുന്നതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 16(4)(എ)യ്ക്ക് വിധേയമായി കെ.എസ്.&എസ്.എസ്.ആറിൽ പ്രത്യേക ഭേദഗതി വരുത്തേണ്ട സാഹചര്യമില്ല.. |
| സി) കെ.എ.എസ്.-ൽ സംവരണ വ്യവസ്ഥ ഇല്ലാത്തതു സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെയോ സമുദായ സംഘടനകളുടെയോ ഒരു യോഗം വിളിച്ച് കാര്യങ്ങൾ വിശദമാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വിശദമാക്കുമോ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ